പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1142

13.06.2013 ൽ മറുപടി നൽകേണ്ടത്

## 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ<br>" സി. കെ. സദാശിവൻ<br>" കെ. കെ. ജയചന്ദ്രൻ<br>ശ്രീമതി കെ. കെ. ലതിക | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും ഭൂരഹിതർക്ക് ഭൂമി ലഭിക്കുന്നതിനു വേണ്ടി നടന്ന സമരത്തെ തുടർന്ന് സർക്കാർ സമരക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്നും അവ നടപ്പാക്കുകയുണ്ടായോ എന്നും അറിയിക്കുമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് വേണ്ടിയുള്ള അനുയോജ്യമായ ഭൂമി കണ്ടെത്തി സർവ്വേ ചെയ്ത് മൂന്ന് സെന്റ് വീതമുള്ള പ്ലോട്ടുകളായി തിരിക്കുന്ന നടപടിയും ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ വിശദമായ അന്വേഷണം നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികളും ജില്ലാ തലത്തിൽ സമയബന്ധിതമായി നടന്നുവരുന്നു.<br><br>ഭൂസമരക്കാരുടെ പൊതു ആവശ്യങ്ങൾ ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകുമെന്ന് വിശദമാക്കുകയും ചെയ്തു. ഭൂപരിഷ്കരണം അട്ടിമറിക്കപ്പെടുന്നത് തടയണമെന്നും, ഒരു കുടുംബത്തിന് പരമാവധി കൈവശം വയ്ക്കാവുന്ന 15 ഏക്കറിൽ അധികമുള്ള ഭൂമി, സർക്കാർ ഏറ്റെടുക്കണമെന്നും, നെൽവയൽ നീർത്തട സംരക്ഷണനിയമം അട്ടിമറിക്കുന്നത് തടയണമെന്നുമായിരുന്നു സമരക്കാരുടെ ആവശ്യം. |

| | |
|---|---|
| (ബി) പദ്ധതിയുടെ ആദ്യഘട്ടത്തിനായി എത്ര ഭൂമി വേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) പദ്ധതിയുടെ ആദ്യഘട്ടമായി ഒരു ലക്ഷം പേർക്ക് ഭൂമി നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്ക് ഏകദേശം 3500 ഏക്കർ ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കുന്നു. |
| (സി) ഇതേവരെ ആകെ എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ട് എന്നും അതിൽ എത്ര ഭൂമി ഏറ്റെടുക്കാൻ സാധിച്ചു എന്നും അറിയിക്കാമോ; | (സി) ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം സർവ്വേ നടപടികൾ പൂർത്തിയായി കഴിഞ്ഞിട്ടുള്ളതിൽ നിന്നും ഏകദേശം 2400-ഓളം ഏക്കർ ഭൂമി ലഭിച്ചിട്ടുള്ളതായി കാണുന്നു. |
| (ഡി) ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വിതരണത്തിന് അനുയോജ്യമായവ എത്രയാണെന്ന് അറിയിക്കാമോ; | (ഡി) വിതരണത്തിന് അനുയോജ്യമായ സർക്കാർ ഭൂമികൾ കണ്ടെത്തിയാണ് ഈ പദ്ധതിക്ക് ഉപയോഗപ്പെടുത്തുന്നത്. സർവ്വേ നടപടികൾ ജില്ലാ തലത്തിൽ പുരോഗമിച്ചു വരുന്നു. സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ ആകെ വിസ്തീർണ്ണം കൃത്യമായി ലഭിക്കുകയുള്ളൂ. |
| (ഇ) ഈ സാഹചര്യത്തിൽ 2013 ആഗസ്റ്റിൽ എല്ലാ ഭൂരഹിതർക്കും ഭൂമി നൽകും എന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കാൻ കഴിയുമോ? | (ഇ) ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്ന് ഒരു ലക്ഷം പേർക്ക് ആദ്യഘട്ടമെന്നോണം 2013 ഓഗസ്റ്റിൽ ഭൂമി നൽകാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്, |

**സെക്ഷൻ ഓഫീസർ**